Kerala Sidco

KERALA SIDCO LTD

**GOVT. WOOD WORKSHOP**
Puthiyara, Calicut. PIN- 673 004.
Phone: 0495 – 2722273. Mob: 9946107840.
E-Mail : govtwoodworkshop@yahoo.co.in
**Kerala Small Industries Development Corporation Ltd.**
*(An Undertaking of Government of Kerala)*
P.B.No. 50, 6th Floor, Housing Board Buildings, Santhi Nagar,
Thiruvanathapuram. PIN-695 001. www.keralasidco.com

Ref. No: GWWS/RENT. BLDG/2025-26 Date: 24.01.2026

# നോട്ടീസ്

വിഷയം: ഗവഃ വുഡ് വർക്ക് ഷോപ്പ്, കോഴിക്കോട് – കെട്ടിടം വാടകക്ക് നൽകുന്നത് സംബന്ധിച്ച്.

ഗവഃ വുഡ് വർക്ക് ഷോപ്പ്, കോഴിക്കോട് യൂണിറ്റിൻറെ 1550 Sq.Ft. വരുന്ന കെട്ടിട ഭാഗം നിലവിലുള്ള സ്ഥിതിയിൽ വാടകക്ക് എടുക്കുന്നതിന് താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ച് കൊള്ളുന്നു. കെട്ടിടം നിലവിലുള്ള അവസ്ഥയിൽ മാത്രമാകും അനുവദിക്കുക. കെട്ടിടത്തിൻറെ ഉൾഭാഗം എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ, വാടകക്കെടുക്കേണ്ടവർ സ്വന്തം നിലയിൽ തന്നെ സിഡ്കോയുടെ അംഗീകാരത്തോടെ നിർവ്വഹിക്കേണ്ടതാണ്. ടി, ഇനത്തിൽ നിലവിലോ, ഭാവിയിലോ യാതൊരു തുകയും സിഡ്കോ അനുവദിക്കുന്നതല്ല. അപേക്ഷ സമർപ്പിക്കുന്നതിന്, മുൻപ് അപേക്ഷകർ കെട്ടിടം നേരിൽ കണ്ട് ബോധ്യപ്പെടേണ്ടതാണ്. വാടകക്ക് എടുക്കാൻ താത്പര്യമുള്ളവർ പ്രതിമാസ വാടക രേഖപ്പെടുത്തി വിശദ വിവരങ്ങൾ അടങ്ങിയ അപേക്ഷ മാനേജർ, ഗവഃ വുഡ് വർക്ക് ഷോപ്പ് മുൻപാകെ സീൽ ചെയ്ത കവറിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോറം ഓഫീസിൽ ലഭ്യമാണ്.

<u>വ്യവസ്ഥകളും ഉപാധികളും.</u>

1. നിർദിഷ്ട്ട മാതൃകയിലുള്ള അപേക്ഷ ഫോറം ഗവഃ വുഡ് വർക്ക് ഷോപ്പ്, കോഴിക്കോട് യൂണിറ്റിൽ നിന്നും ലഭിക്കുന്നതാണ്.
2. പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷയോടൊപ്പം ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, പ്രോജക്ട് റിപ്പോർട്ട്, തിരിച്ചറിയൽ രേഖയുടെ പകർപ്പ്, 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ എന്നിവ അടക്കം ചെയ്യേണ്ടതും 1000 രൂപ + ജി.എസ്.റ്റി 18% (ആകെ 1180 രൂപ) പ്രോസസിംഗ് ഫീ ഇനത്തിലും ഒടുക്കേണ്ടതാണ്. (ടി തുക അപേക്ഷകന് തിരികെ നൽകുന്നതല്ല ).
3. താൽപര്യമുള്ളവർ അപേക്ഷ ഫോറത്തിനും വിശദ വിവരങ്ങൾക്കും, ഗവഃ വുഡ് വർക്ക് ഷോപ്പ്, കോഴിക്കോട് മാനേജരെ, ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

4. ഏറ്റവും കൂടുതൽ മാസ വാടക തുക ഓഫർ ചെയ്യുന്ന വ്യക്തിയെ/ സ്ഥാപനത്തിനെ, സിഡ്‌കോ മാനേജിങ്ങ്ഡയറക്ടറുടെ അംഗീകാരവും നിർദ്ദേശവുമനുസരിച്ച്, സിഡ്‌കോ നിയമങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുക്കുക. ഓഫർ ചെയ്യുന്ന വാടകക്ക് 18% നികുതിഈടാക്കുന്നതും വർഷത്തിൽ 5% വാടക വർദ്ധനവ് ഈടാക്കുന്നതായിരിക്കും.

5. സർക്കാർ കലാകാലങ്ങളിൽ നിശ്ചയിക്കുന്ന വാടക നിയമങ്ങളിൽ വരുത്തുന്ന നികുതി ഘടനയും, നിയമങ്ങളും ബാധകമായിരിക്കും. തിരഞ്ഞെടുക്കുന്ന സ്ഥാപനം സർക്കാരിന്റെ ഏതെങ്കിലും ലൈസെൻസ് /അനുമതി പത്രം എന്നിവ വാങ്ങി പ്രവൃത്തിക്കേണ്ടത് ഉണ്ട് എങ്കിൽ ആയത് സ്വന്തംചെലവിലും ഉത്തരവാദിത്വത്തിലും, നിർവഹിക്കേണ്ടതാണ്. അത്തരത്തിൽവരുന്ന ബാദ്യതകൾക്ക് സിഡ്‌കോ യാതൊരു വിധത്തിലും ഉത്തരവാദി ആയിരിക്കുകയില്ല.

6. എഗ്രിമെൻറ് കാലാവധി 11 മാസമായിരിക്കും.

7. കെട്ടിടം അനുവദിച്ചു ലഭിക്കുന്നവർ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ സ്വന്തം ചിലവിൽ സിഡ്‌കോയുടെ അനുമതിയോടെ നടത്തേണ്ടതാണ്.

പൂർണ്ണമായി പൂരിപ്പിച്ച, വിശദ വിവരങ്ങൾ അടങ്ങിയ അപേക്ഷകൾ 10.02.2025 തിയതി, 5.00 പി.എം.-ന് മുമ്പായി ഗവഃ വുഡ് വർക്ക് ഷോപ്പ്, കോഴിക്കോട് മാനേജർ മുൻപാകെ സമർപ്പിക്കേണ്ടതാണ്.